**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **28-02-2023 - ൽ മറുപടിയ്ക്ക്**

**വായ്പകൾ എഴുതി തള്ളുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ എടുത്ത വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 13844/ബി 3/2015/പ.ജ.പ.വ.വി.വ. ഫയൽ പ്രകാരം വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും സഹകരണ വകുപ്പ് മന്ത്രിക്ക് നൽകിയ 10 പേരുടെ ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും സഹകരണ ബാങ്ക് എഴുതിത്തള്ളുന്ന വായ്പകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മേൽപ്പറഞ്ഞവർക്ക് അർഹതയ്ക്കനുസരിച്ച് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ എടുത്ത വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 13844/ബി3/2015/പ.ജ.പ.വ.വി.വ. ഫയൽ പ്രകാരം വകുപ്പ് മന്ത്രിയുടെ ആഫീസിൽ നിന്നും സഹകരണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 10 പേരുടെ ലിസ്റ്റിലെ വ്യക്തികൾക്ക് കടാശ്വാസം ലഭ്യമാകാത്തതിനുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ.അറുമുഖൻ<br><br>കേരള സംസ്ഥാനത്തിലെ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ വരെയുള്ള വായ്പകളാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ശ്രീ.അറുമുഖന്റെ വായ്പ ടി പരിധിയിൽ വരാത്തതിനാലാണ് സഹകരണബാങ്ക് എഴുതിത്തള്ളുന്നതിനുള്ള വായ്പകളുടെ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്താതിരുന്നത്.<br><br>2. ശ്രീ. രാമൻകുട്ടി<br><br>വല്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 15.06.2010 ന് എടുത്ത 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ല.<br><br>3. ശ്രീ റ്റി രവി<br><br>കേരള ബാങ്കിന്റെ പാറശ്ശാല ബ്രാഞ്ചിൽ നിന്നും 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ വായ്പയെടുത്ത ശ്രീ. രവി റ്റി എന്ന വ്യക്തിയ്ക്ക് എസ്.സി/എസ്.റ്റി ആനുകൂല്യം ലഭിക്കുന്നതിന് |

വായ്പാക്കാരൻ അടക്കേണ്ട വിഹിതം അടയ്ക്കണമെന്ന് കാണിച്ച് ബാങ്ക് കത്തുകൾ അയച്ചിട്ടും പല പ്രാവശ്യം ഫോൺ മുഖാന്തിരവും ഭവന സന്ദർശനവും നടത്തി വിഹിതം അടയ്ക്കണമെന്ന് അറിയിച്ചിട്ടും വായ്പാകക്ഷി വിഹിതം അടയ്ക്കാൻ കൂട്ടാക്കാത്തതിനാൽ കടാശ്വാസ പദ്ധതിയിൽ ടിയാനെ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

4. ശ്രീമതി. പ്രഭാവതി കെ

പട്ടികജാതി വിഭാഗക്കാർ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള 1,00,000/- (ഒരു ലക്ഷം രൂപ വരെ മാത്രം) രൂപ വരെയുള്ള വായ്പകൾക്കാണ് കടാശ്വാസം അനുവദിച്ചിരുന്നത്. എന്നാൽ ശ്രീ. രാജന്റെ പേരിൽ മുൻ ജില്ലാ സഹകരണ ബാങ്കിന്റെ പെരിങ്ങത്തൂർ ശാഖയിൽ നിന്നും എടുത്ത വായ്പ 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയുടേതായതിനാൽ പ്രസ്തുത ആനുകൂല്യം അനുവദിച്ചിരുന്നില്ല

5.ശ്രീമതി.എം.ജെ.വൽസല

പത്തനംതിട്ട മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 23/12/2006 - ൽ എടുത്ത 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയുടെ വായ്പ 23/04/2012 -ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. പിന്നീട് 19.05.2012 ന് എടുത്ത 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയുടെ ടി വായ്പ (വായ്പ നം. ഒ.എൽ.പി. 5/12-13) പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ല.

6. ശ്രീമതി എൻ. വസന്ത

ശ്രീമതി എൻ. വസന്ത കടാശ്വാസത്തിനായി അപേക്ഷിച്ച രേഖകളോ, ടിയാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളാണെന്നുള്ള സാക്ഷ്യപത്രമോ സമർപ്പിച്ചിട്ടില്ല എന്ന് കേരള ബാങ്കിൽ നിന്നും അറിയിച്ചിട്ടുണ്ട്.

7. ശ്രീമതി. വസന്ത.

ശ്രീമതി.വസന്ത കിളിമാനൂർ പി.സി.എ.ആർ.ഡി.ബിയിൽ നിന്നും 2010 - ൽ എൻ.എച്ച്.എസ് 210/2010 നമ്പരായി എടുത്ത 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹയല്ല.

8. ശ്രീ പ്രദീഷ് കുമാർ

| | | | |
|---|---|---|---|
| | | | കേരള ബാങ്കിന്റെ നെയ്യാറ്റിൻകര മെയിൻ ബ്രാഞ്ചിൽ നിന്നും വായ്പയെടുത്ത ശ്രീ. ടി. എസ് പ്രദീഷ് കുമാർ എന്ന വ്യക്തിയുടെ സി എം എൽ 40/00 -ാം നമ്പർ വായ്പ ഹെഡ്ഓഫീസ് ഡിക്രീഡ് ലോണിലേയ്ക്ക് വക മാറ്റുകയും തുടർന്ന് ടിയാന്റെ വിഹിതം അടച്ച് എസ്.സി/എസ്.റ്റി ഇളവും ലഭ്യമാക്കി കടം കണക്ക് പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ട്.<br><br>9. ശ്രീ. കെ വിജയൻ<br><br>കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ടിയാൻ 24/09/2013-ൽ OF 004014130034 നമ്പരായി എടുത്ത ഒരു ലക്ഷം രൂപയുടെ വായ്പ 31/03/2010 - ന് ശേഷം എടുത്ത വായ്പയാതിനാൽ പ്രസക്തമായ പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.<br><br>10. ശ്രീമതി. രമണി.എ<br><br>ശ്രീമതി.രമണി കിളിമാനൂർ പി.സി.എ.ആർ.ഡി.ബി-യിൽ നിന്നും എൻ.എച്ച്.എസ് 2/2011 നമ്പരായി എടുത്ത 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹയല്ല. |
| (ബി) | പട്ടിക വിഭാഗങ്ങളുടെ വായ്പ എഴുതിത്തള്ളുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ കൈമാറിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (ബി) | പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിതള്ളുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് തുക കൈമാറിയിട്ടില്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണവകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളിയിട്ടില്ല.<br><br>എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർക്ക് വേണ്ടിയുള്ള കടാശ്വാസ പദ്ധതി പ്രകാരം വായ്പാക്കുടിശ്ശിക എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ഇ.93-ാം നമ്പർ ഉടുമ്പന്നൂർ സർവ്വീസ് സഹകരണ ബാങ്കിന് 5,07,790/- (അഞ്ച് ലക്ഷത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ അനുവദിക്കണമെന്ന ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 06/04/2022 ലെ സ.ഉ(സാധാ) 402/2022/ പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ